16

## ദൈവം

# മനുഷ്യൻ നഷ്ടപ്പെടുന്നതിൽ ദൈവത്തിനു വിചാരമുണ്ടോ?

"യഹോവയായ ഞാൻ, മാറാത്തവൻ" (മലാഖി 3:6). ദൈവം ഒരിക്കലും മാറാത്തവൻ ആയതുകൊണ്ടു, ദൈവം നഷ്ടപ്പെടുന്നവരെക്കുറിച്ചു വിചാരപ്പെടുന്നുണ്ടോ എന്നറിയുവാൻ, ഒരാൾ ഭൂതകാലം പരിശോധിക്കണം. അവന്റെ കഴിഞ്ഞകാലത്തിലെ കരുതലിൽ നിന്നു വിഭിന്നമായിരിക്കയില്ല ഇപ്പോഴും, കാരണം അവൻ "ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ" (എബ്രായർ 13:8).

### കയീനോടുണ്ടായിരുന്ന അവന്റെ കരുതൽ

കഴിഞ്ഞ കാലത്തിലേക്കു ഒരാൾ നോക്കുമ്പോൾ, പ്രപഞ്ചത്തിന്റെ നിയന്ത്രിതാവു ഭൂമിയിലേക്കു ഇറങ്ങി വന്നു ഒരു മനുഷ്യനായി നടന്നതു കാണുന്നു: പാപിയായ മനുഷ്യൻ, വെറുപ്പു കാണിച്ചു, അപജയമടഞ്ഞ്, കയീൻ കോപിഷ്ഠനായി. "നന്മ" ചെയ്യുവാനും, "നേരെ" യാകുവാനും കയീനു ദൈവം അവസരം കൊടുത്തു (ഉല്പത്തി 4:7); പക്ഷെ അവൻ ശരി ചെയ്യുന്നല്ല, തെറ്റു ചെയ്യുന്നതിനാണ് തിരഞ്ഞെടുത്തത്. എല്ലാ നിലയിലും. തിരക്കുള്ള ദൈവത്തിനും സ്വർഗ്ഗത്തിൽ തന്നെ ഇരിക്കാമായിരുന്നു, അനുസരണക്കേടു പ്രവർത്തിച്ച കയീനെ കണ്ടില്ലെന്ന മട്ടിൽ വിട്ടുകളയാമായിരുന്നു; എന്നാൽ പാപിയായി തീർന്നവനെക്കുറിച്ചുള്ള കരുതൽ നിമിത്തം ആ ഒരു വ്യക്തിയോടു പ്രവൃത്തിക്കുവാൻ അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു.

ദൈവം കയീനെ സഹായിക്കുവാൻ ശ്രമിച്ചു. അവൻ കയീനോടു പാപത്തെ മറി കടക്കുവാനും കർത്താവിനാൽ സ്വീകരിക്കപ്പെടുവാനും കഴിയുമെന്നു അവനോടു വാദിക്കുവാൻ തുടങ്ങി (ഉൽപത്തി 4:7). ദൈവത്തിന്റെ വിചാരപ്പെടൽ ലഘൂകരിക്കുന്നതിനു ഒന്നും ചെയ്യുവാൻ കയീൻ പ്രതികരിച്ചില്ല. കയീൻ തിന്മ തിരഞ്ഞെടുത്തപ്പോൾ നല്ലവനായ ദൈവം വേദനിച്ചു.

### നോഹയുടെ കാലത്തുണ്ടായിരുന്ന ആളുകളോടുള്ള അവന്റെ കരുതൽ

നോഹയുടെ കാലത്ത്, മനുഷ്യർ തങ്ങളെ മോഹത്തിനു ഏല്പ്പിച്ചു കൊടുത്തു "തങ്ങൾക്കു ബോധിച്ച എവരേയും ഭാര്യമാരായി എടുത്തു" (ഉല്പത്തി 6:2), പരിശുദ്ധനും സ്നേഹവാനും ആയ ദൈവത്തിനു ഇതിൽ വളരെ ദു:ഖമുണ്ടായി. "താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ടു യഹോവ അനുതപിച്ചു" (ഉൽപത്തി 6:6). തെറ്റു പറ്റിയതിൽ മാനസാന്തരം എന്നതു, ദൈവത്തിനു അസ്സാധ്യമാണ് (1 ശമുവേൽ 15:29). മനുഷ്യന്റെ തലതിരിഞ്ഞ പ്രവൃത്തി നിമിത്തം, എങ്ങനെയായാലും, ദൈവത്തിനു വേദനയും ദു:ഖവുമുണ്ടായി അവൻ അനുതപിച്ചു (എബ്രായ: *നാഹാം*; 1 ശമുവേൽ 15:11, 35; ന്യായാധിപന്മാർ 2:18; യിരെമ്യാവു 42:10) അനുതപിച്ചുകൊണ്ടേയിരുന്നു (വെളിപ്പാട് 3:20).

ദൈവത്തിനു മനുഷ്യരോടുള്ള മൃദുസമീപനം, ഒരിക്കലും പാപത്തെ കണ്ടില്ലെന്നു നടിക്കുവാനോ, ശിക്ഷ മാറ്റി നിർത്തുവാനോ അവനു കഴിയുകയില്ല. നോഹയുടെ കാലത്തുള്ളവരോടു ദൈവം നോഹയിൽ കൂടെ 120 വർഷം പ്രസംഗിപ്പിച്ച ശേഷമായിരുന്നു ദൈവകോപത്താൽ അവർ മുങ്ങി നശിച്ചു പോയത്. അവരുടെ നാശം ദൈവം ആഗ്രഹിച്ചതായിരുന്നില്ല; പാപികൾ തങ്ങളെ ശിക്ഷിക്കുവാൻ അവനെ നിർബന്ധിച്ചതാണ്.

### മോവാബ്യരോടുള്ള അവന്റെ കരുതൽ

ലോത്തിന്റെ പിൻഗാമികൾ ആയ, മോവാബ്യർ, ദുർന്നടപ്പു ആചരിക്കയും വിഗ്രഹങ്ങൾക്കു യാഗം കഴിക്കുകയും ചെയ്തു, എങ്കിലും ദൈവം അവരെ സ്നേഹിച്ചു; അവന്നു അവരോടുള്ള കരുതൽ ആഴമേറിയതായിരുന്നു. "എന്റെ ഹൃദയം മോവാബിനെക്കുറിച്ചു നിലവിളിക്കുന്നു," എന്നവൻ പറഞ്ഞു (യെശയ്യാവു 15:5). "എന്റെ ഉള്ളം മോവാബിനെക്കുറിച്ചും എന്റെ അന്തരംഗം കിർഹേരെശിനെക്കുറിച്ചും കിന്നരം പോലെ മുഴങ്ങുന്നു" (യെശയ്യാവു 16:11). മോവാബ്യർ നീതിയിൽ നിന്നകന്നു പോയെങ്കിലും (നോക്കുക സംഖ്യാപുസ്തകം 25:1-5), ദൈവത്തിന്റെ കരുതലിൽ നിന്നകന്നു പോകുവാൻ അവർക്കു കഴിഞ്ഞില്ല.

### നിനെവെക്കാരോടുള്ള അവന്റെ കരുതൽ

മഹാനഗരമായ നിനെവെയിൽ പാർത്തിരന്ന അശ്ശൂര്യർ അതുപോലെ നീതിയിൽ നിന്നകന്നു പോയിരുന്നു. ("അവരുടെ അകൃത്യങ്ങൾ എന്റെ അടുക്കൽ എത്തിയിരിക്കുന്നു, എന്നു യഹോവയുടെ അരുളപ്പാട്"; യോനോ 1:2.) ദൈവം മൃദുവായി, ആർദ്രതയോടെ മനുഷ്യന്റെ നന്മക്കായി

ഇടതടവില്ലാതെ പരിശ്രമിച്ചുകൊണ്ടിരുന്നു. നിനെവെയിൽ മാറ്റം വരുവാൻ ആത്മാക്കളെ - നേടുവാൻ കഴിവുള്ള ആളെ അവിടേക്കു അയച്ചു. യോനാ അവസാനം അവിടെ ചെന്നു വളരെ മനോഹരമായി തന്റെ ദൗത്യം നിറവേറ്റി, ആ പട്ടണം മാനസാന്തരപ്പെട്ടപ്പോൾ ദൈവത്തിനു സന്തോഷമായി.

യോനായ്ക്കു നഷ്ടപ്പെട്ടവരോടു ശരിയായ മനോഭാവമായിരുന്നില്ല ഉണ്ടായിരുന്നത്. ദൈവത്തിനു നഷ്ടപ്പെട്ടവരോടുണ്ടായിരുന്ന സ്നേഹവും കരുതലും അവനുണ്ടായിരുന്നില്ല. നശിച്ചുപോകാനിടയുള്ളവർക്കു വേണ്ടി ഒരാൾക്കു കരുതലുണ്ടാകണം എന്നു ദൈവം അവന്നു കാണിച്ചു കൊടുത്തു, കാരണം അവർ "വലങ്കയ്യും ഇടങ്കയ്യും തമ്മിൽ തിരിച്ചറിയാത്തവർ ആയിരുന്നു" (യോനാ 4:11).

### അനുസരണമില്ലാതിരുന്ന യിസ്രായേലിനോടുള്ള അവന്റെ കരുതൽ

മിസ്രയീമ്യരുടെ കഠിനമായ അടിമത്വത്തിലായിരുന്ന അബ്രഹാമിന്റെ പിൻഗാമികളോടു സ്വർഗ്ഗസ്ഥനായ ദൈവത്തിനു വേദന തോന്നി. അവൻ പറഞ്ഞു,

> മിസ്രയിമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു കണ്ടു, ഊഴിയവിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു, ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു (പുറപ്പാട് 3:7).

അവൻ അവരുടെ വിടുതൽ സാധ്യമാക്കുകയും, പിന്നീടു സന്തോഷത്തോടെ അതിനെപ്പറ്റി പറയുകയും ചെയ്യുന്നു:

> യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു, മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു. ... മനുഷ്യപാശങ്ങൾകൊണ്ടു സ്നേഹ ബന്ധനങ്ങൾകൊണ്ടു തന്നേ, ഞാൻ അവരെ വലിച്ചു അവരുടെ താടിയെല്ലിന്മേലുള്ള നുകം നീക്കിക്കളയുന്നവനെപോലെ ഞാൻ അവർക്കു ആയിരുന്നു, ഞാൻ അവർക്കു തീൻ ഇട്ടു കൊടുത്തു (ഹോശേയാ 11:1-4).

തന്റെ കരുണയെ യിസ്രായേല്യർ അംഗീകരിക്കാതിരുന്നതു, ദൈവത്തെ ആഴത്തിൽ വ്രണപ്പെടുത്തി:

> "അവർക്കും അവരുടെ മക്കൾക്കും എന്നേക്കും നന്നായിരിപ്പാൻ അവർ എന്നെ ഭയപ്പെടേണ്ടതിന്നും എന്റെ കല്പനകളൊക്കെയും പ്രമാണിക്കേണ്ടതിന്നും ഇങ്ങനെയുള്ള ഹൃദയം അവർക്കു എപ്പോഴും ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നു!" (ആവർത്തനപുസ്തകം 5:29).

എന്നത്രേ യഹോവയായ കർത്താവിന്റെ അരുളപ്പാട്. അവർ പിശാചിനെ സേവിക്കയും പാപത്തിൽ ജീവിക്കയും ചെയ്തപ്പോഴും ദൈവം അവരെ കരുതി. അവൻ അവരോട്:

> “എന്നാണ!,” “ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴിവിട്ടു തിരിഞ്ഞ് ജീവിക്കുന്നതിൽ അത്രേ എനിക്കു ഇഷ്ടമുള്ളതെന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്; നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ! തിരിവിൻ; യിസ്രായേൽഗൃഹമേ, നിങ്ങൾ എന്തിന്നു മരിക്കുന്നു എന്നു അവരോടു പറക?” (യെഹെസ്ക്കേൽ 33:11).

സ്വർഗ്ഗീയപിതാവിന്നു തിന്മക്കു യാതൊരു വിട്ടുവീഴ്ച്ചയും ചെയ്യുവാൻ കഴിയുകയില്ല, തന്റെ മക്കളെ അവൻ വീണ്ടും വീണ്ടും ശാസിക്കേണ്ടതായിട്ടുണ്ട്, എന്നാൽ അതു ചെയ്തവരേക്കാൾ കൂടുതൽ ദൈവത്തെ വേദനിപ്പിച്ചു:

> “എഫ്രയിം എന്റെ വാൽസല്യ പുത്രനോ? ഓമനക്കുട്ടിയോ? ഞാൻ അവന്നു വിരോധമായി സംസാരിക്കുമ്പോഴൊക്കെയും അവനെക്കുറിച്ചു എന്റെ മനസ്സിൽ സ്ഥായി തോന്നുന്നു, അതുകൊണ്ടു എന്റെ ഉള്ളം അവനെ ചൊല്ലി ഉരുകുന്നു. ഞാൻ അവനോടു കരുണ കാണിക്കും എന്നു യഹോവയുടെ അരുളപ്പാട്” (യിരെമ്യാവു 31:20).

ദൈവത്തിന്റെ സ്നേഹവായ്പ്പ് ഒരമ്മക്കു കുഞ്ഞിനോടുള്ളതിനേക്കാൾ വലുതാണ്:

> “ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളങ്കയ്യിൽ വരച്ചിരിക്കുന്നു, നിന്റെ മതിലുകൾ എല്ലായ്പ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു” (യെശയ്യാവു 49:15, 16).

അനുസരിക്കാതിരുന്ന യിസ്രായേല്യരെ ശിക്ഷിക്കുന്നതു, അവനു ഇഷ്ടമായിരുന്നില്ല: “അവരുടെ കഷ്ടങ്ങളിൽ ഒക്കെയും അവൻ കഷ്ടപ്പെട്ടു” (യെശയ്യാവു 63:9). അവർ തെറ്റു ചെയ്തപ്പോൾ അവനു ദു:ഖമുണ്ടായി, എന്നാൽ അവന്റെ വിശുദ്ധിയിൽ അവനു ശിക്ഷിക്കാതെ നിർവ്വാഹമില്ല: “എന്നാൽ അവർ മൽസരിച്ചു അവന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചു; അതുകൊണ്ടു അവൻ അവർക്കു ശത്രുവായിതീർന്നു താൻ തന്നേ അവരോടു യുദ്ധം ചെയ്തു” (യെശയ്യാവു 63:10).

തന്റെ ആളുകളിൽ ചിലർ മാനസ്സാന്തരപ്പെടുമെന്നു ആരംഭത്തിൽ തന്നെ അവസാനം കാണാൻ കഴിയുന്നവൻ അറിഞ്ഞിരുന്നതുകൊണ്ടു, തന്റെ മഹത്തായ സ്നേഹത്താൽ ക്രിസ്ത്യാനിത്വത്തിനു അടിത്തറയിട്ടു. ദൈവരാജ്യത്തിലായിത്തീർന്ന, ക്രിസ്ത്യാനികളാകുന്ന ഉയർന്ന നിലവാരം, കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടുമില്ല: “നീയല്ലാതെ ഒരു ദൈവം തന്നേ കാത്തിരിക്കുന്നവന്നു വേണ്ടി പ്രവർത്തിക്കുന്നതു പണ്ടു മുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല” (യെശ

യ്യാവു 64:4). അവൻ വാഗ്ദാനം ചെയ്ത രാജ്യത്തിൽ, ദൈവത്തിനു നഷ്ടപ്പെട്ടവരോടുള്ള കരുതൽ മൂർദ്ധന്യാവസ്ഥയിലെത്തുന്നുണ്ട്.

### ഇന്നു പാപികളോടുള്ള അവന്റെ കരുതൽ

പിതാവിന്റെ സ്നേഹം വ്യാപിപ്പിച്ചിരിക്കുന്നതു മോവാബ്യരിലേക്കും, നിനെവെയിലേക്കും, യിസ്രായേല്യരിലേക്കും മാത്രമല്ല, സകല ജാതികളിലേക്കുമത്രേ. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. സർവ്വ ലോകത്തിന്റെയും പാപത്തിന്നു പ്രായശ്ചിത്തമാകുവാനാണ് അവന്റെ പുത്രനെ അയച്ചത് (1 യോഹന്നാൻ 2:2). അവന്റെ വിചാരം ആരും നഷ്ടപ്പെട്ടു പോകരുത് എന്നാണ്.

2 പത്രൊസ് 3:9 നാം വായിക്കുന്നു, "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസ്സാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു." ഓരോ പാപിയും, ഈ സത്യം മനസിലാക്കി, ദൈവം നമ്മെ ആദ്യം സ്നേഹിച്ചതുപോലെ സ്നേഹിച്ചു അവനോടു പ്രതികരിക്കണം (1 യോഹന്നാൻ 4:19).

© 2009 Truth for Today